**ശ്രദ്ധക്ഷണിക്കൽ**

(1) വന്യമൃഗശല്യം

ശ്രീ. ഒ. ആർ. കേളു: സർ, വയനാട് ജില്ലയിൽ വന്യമൃഗശല്യം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഒരുതരത്തിലും മനുഷ്യന് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. പകൽ സമയങ്ങളിൽ ആന, മാൻ എന്നിവ കൂട്ടത്തോടെ ഇറങ്ങുകയും കാട്ടുപോത്ത്, കരടി, മലമ്പാമ്പ്, രാജവെമ്പാല തുടങ്ങി എല്ലാതരത്തിലുള്ള വന്യമൃഗശല്യവും വയനാട് ജില്ലയിൽ അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. നമ്മളെല്ലാവരും മനസ്സിലാക്കിയതുപോലെ വയനാട് ഒരു കാർഷിക ജില്ലയാണ്. കാർഷിക മേഖലയെ ആശ്രയിച്ചാണ് വയനാട് ജില്ലയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ജീവിക്കുന്നത്. വന്യമൃഗശല്യത്തിന്റെ അതിരൂക്ഷതമൂലം ഒരുതരത്തിലും കൃഷി ചെയ്യാൻ പറ്റാത്ത സാഹചര്യമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയാണ്. സംസാരിക്കുന്ന അംഗത്തെ ക്രോസ് ചെയ്ത് മറ്റ് അംഗങ്ങൾ നടക്കരുത്.

ശ്രീ. ഒ. ആർ. കേളു: സർ, അതുപോലെ നെൽക്കൃഷി ചെയ്യാൻ പറ്റുന്നില്ല. പച്ചക്കറി, കവുങ്ങ്, തെങ്ങ് തുടങ്ങി ഒരു തരത്തിലുള്ള കൃഷിയും വയനാട് ജില്ലയിൽ ചെയ്യാൻ പറ്റാത്ത സാഹചര്യമാണുണ്ടാകുന്നത്. കഴിഞ്ഞ ദിവസം മാനന്തവാടി പനമരത്തിൽ പകൽ സമയത്ത് ആന കൂട്ടത്തോടെയാണ് ഇറങ്ങിയത്. നെൽവയലുകളിലും കൃഷി മേഖലയിലും കരടിയുടെ ശല്യം രൂക്ഷമാണ്. മാൻ കൂട്ടത്തോടെ ഇറങ്ങിവന്ന് പച്ചക്കറി മുഴുവൻ നശിപ്പിക്കുകയാണ്. ഒരുതരത്തിലും വയനാട് ജില്ലയിലുള്ളവർക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യമാണ്. കഴിഞ്ഞ ദിവസം പുൽപ്പള്ളിയിൽ കടുവ ഒരാളെ ആക്രമിച്ച് കൊന്ന് ഭക്ഷിച്ച കാര്യവും നമ്മളെല്ലാവരും മനസ്സിലാക്കിയതാണ്. സ്കൂളിൽപ്പോയ അഭിജിത്ത് എന്ന ഒൻപതാം ക്ലാസ് വിദ്യാർത്ഥിയെ ആന ആക്രമിച്ച് ആ കുട്ടി ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. മൂന്ന് മാസംമുമ്പ് മാനന്തവാടിയിൽ തോമസ് എന്ന വ്യക്തിയെ അദ്ദേഹത്തിന്റെ വീടിനടുത്തുവന്ന് ആക്രമിച്ചാണ് കടുവ കൊലപ്പെടുത്തിയത്. ഇങ്ങനെ നിരന്തരമായി മനുഷ്യർക്കും കൃഷിക്കും ഭീഷണിയാകുന്ന രീതിയിൽ അതിരൂക്ഷമായാണ് വയനാട് ജില്ല

വന്യമൃഗങ്ങളുടെ ആക്രമണത്തെ അഭിമുഖീകരിക്കുന്നത്. ഇതിനൊരു ശാശ്വതപരിഹാരം കാണുന്നതിന് സാധിക്കുന്നില്ലെന്നാണ് സങ്കടത്തോടെ പറയാനുള്ളത്. വയനാട് ജില്ലക്കാർ ഗുരുതര പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിലെ വന്യമൃഗശല്യം നിരന്തരമായി പറഞ്ഞിട്ടും കാര്യമായ പരിഹാരം കാണാൻ സാധിക്കാത്തതിനാൽ ഇത് വളരെ ഗൗരവത്തിൽ നോക്കിക്കാണുന്നതിനും പരിഹാരമുണ്ടാക്കുന്നതിനും നമ്മുടെ സർക്കാരിനും വനം വകുപ്പിനും സാധിക്കുമോയെന്നുള്ളതാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം കേരളത്തിലെ ഒരു പ്രധാനപ്പെട്ട ജില്ല നേരിടുന്ന വളരെ ഗൗരവമായ പ്രതിസന്ധിയെക്കുറിച്ചായിരുന്നു ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. ഇതൊന്നും ഞങ്ങളെ ബാധിക്കുന്ന വിഷയമല്ലെന്ന രീതിയിൽ പല അംഗങ്ങളും ഫ്ലോറിൽ അലസമായി നടന്നത് ശരിയല്ല.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വയനാട്ടിലെ വന്യജീവി ആക്രമണംമൂലം അവിടത്തെ ജനങ്ങൾ പ്രത്യേകിച്ചും കർഷക സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് അവിടത്തെ എം.എൽ.എ. കൂടിയായ ശ്രീ. ഒ. ആർ. കേളു സഭയുടെ ശ്രദ്ധക്ഷണിച്ചത്. അദ്ദേഹം ഇവിടെ പ്രകടിപ്പിച്ച വിചാരങ്ങളോടും വികാരങ്ങളോടും എനിക്ക് വിയോജിപ്പില്ല. കാരണം, കഴിഞ്ഞ മൂന്നുനാല് മാസക്കാലമായി നിരന്തരമായി ആ പ്രദേശത്ത് കടുവ ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ മേഖലയിലെത്തുകയും മനുഷ്യർക്ക് ജീവഹാനി ഉൾപ്പെടെ മറ്റ് നിരവധി നാശനഷ്ടങ്ങളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ഉന്നയിച്ചതുപോലെ ഒരു നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നമെന്ന നിലയിൽതന്നെയാണ് സർക്കാർ നോക്കികാണുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദീകരിച്ചതുപോലെ ശാശ്വതപരിഹാരം കാണുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നതും വസ്തുത തന്നെയാണ്. ശാശ്വതപരിഹാരത്തെക്കുറിച്ച് ആലോചിക്കുമ്പോൾ നിരവധി കടമ്പകൾ കടന്നുപോകേണ്ടതുണ്ടെന്ന് അദ്ദേഹത്തിനും നല്ലതുപോലെ അറിയാം.

വന്യജീവികളുടെ കണക്കെടുപ്പ് നടത്തിയതിൽ വയനാട് ജില്ലയിൽ വന്യജീവികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. അവയെ നിയന്ത്രിക്കാനാവശ്യമായ നടപടികൾക്കൂടി സ്വീകരിക്കുമ്പോൾ മാത്രമേ ഈ അതിക്രമത്തെ തടയാൻ നമുക്ക് സാധിക്കുകയുള്ളൂ. മറ്റൊന്ന്, കാട്ടിലെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. കാലാവസ്ഥ വ്യതിയാനം നമ്മുടെ നാടിനെ ബാധിച്ചതുപോലെ വന്യജീവികളെയും ബാധിച്ചിട്ടുണ്ടെന്ന കാര്യവും വിസ്മരിക്കാൻ സാധ്യമല്ല. എന്നാൽ അതിന് ശാശ്വതപരിഹാരം കാണുന്നതുവരെയുള്ള കാത്തിരിപ്പിന് ശ്രമിക്കുന്നതിനുപകരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. രണ്ട് വർഷം മുമ്പുതന്നെ ഇതുസംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തുകയും ആ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടനുസരിച്ച് ദീർഘകാല, ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് ഒരു പദ്ധതി ആവിഷ്ക്കരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. വലിയ പരിഗണന ലഭിക്കുമെന്ന് പ്രതീക്ഷിച്ച് സമർപ്പിച്ച 620 കോടി ചെലവ് വരുന്ന പദ്ധതിക്ക് അംഗീകാരം നല്കാൻ സാധ്യമല്ലെന്ന അസന്നിദ്ധമായ മറുപടിയാണ് ദൗർഭാഗ്യവശാൽ കേന്ദ്ര

സർക്കാരിൽ നിന്നും നമുക്ക് ലഭിച്ചിട്ടുള്ളത്. എന്നാൽ അതിന് കാത്തുനില്ക്കാതെ സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികളുള്ളിൽ നിന്നുകൊണ്ട് ഇതിനോടകം തന്നെ ഏതാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ പ്രശ്നം പരിഹരിക്കുന്നില്ലെന്ന വസ്തുത നിലനിൽക്കെത്തന്നെ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി വനം വകുപ്പിലെ ഉദ്യോഗസ്ഥർ ജാഗ്രതയോടുകൂടിയ പ്രവർത്തനമാണ് നടത്തിവരുന്നത്. ഒരു സംഭവമുണ്ടായാൽ വനംവകുപ്പിലെ ജീവനക്കാർ കഴിവിന്റെ പരമാവധി ശ്രമിക്കുന്നുണ്ടെന്നുതന്നെയാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനോടകംതന്നെ സൗരോർജ്ജ വേലികളുൾപ്പെടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈ എടുത്ത് വയനാട് പാക്കേജിന് പ്രത്യേക ഫണ്ട് അനുവദിക്കുകയും ആ പാക്കേജ് ഉൾപ്പെടെ 220 ലക്ഷം രൂപ ചെലവഴിക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾക്ക് അംഗീകാരം നല്കിയിട്ടുമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ വനമേഖലയിലെ കാട്ടുപന്നികളെ ഇല്ലാതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി രണ്ട് വർഷത്തിനിടയിൽ 4115 കാട്ടുപന്നികളെ പഞ്ചായത്തുകൾ മുൻകൈ

എടുത്തും സർക്കാർ മുൻകൈ എടുത്തും ഇല്ലാതാക്കിയിട്ടുണ്ട്. 10 കടുവകളെയും ഒരു കാട്ടാനയെയും ഇതിനോടകം പിടികൂടിയിട്ടുമുണ്ട്. പിടികൂടിയവ എല്ലാം തന്നെ വനത്തിൽ നിന്നും പരിക്കേറ്റതും ഇര പിടിക്കാൻ കഴിവില്ലാതെ വന്നതും ആയിട്ടുള്ളവയാണ്. അവയെയും സംരക്ഷിച്ച് പോരുന്നുണ്ട്. 2022-2023 വരെ വിവിധയിനം തൂക്കുവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ്, റോപ് ഫെൻസിംഗ്, ജൈവവേലി എന്നിങ്ങനെ 1472.00 കി.മീ. ദൂരത്തിലാണ് കേരളത്തിൽ പ്രതിരോധ മതിലുകളും കിടങ്ങുകളും സ്ഥാപിച്ചിട്ടുള്ളത്. ഇതിനുപുറമെ നടപ്പുവർഷം നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി മാത്രം 68 കോടി രൂപ ചെലവ് വരുന്ന പദ്ധതി പ്രകാരം 801.24 കി.മീ. തൂക്കുവേലികൾ സ്ഥാപിക്കുന്ന നടപടികളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. 'നവകിരണം' പദ്ധതിയുടെ ഭാഗമായി 882 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള ആനുകൂല്യം നല്കി അവരെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഇനിയും തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. നഷ്ടപരിഹാരത്തിന്റെ ഭാഗമായൊരു പ്രശ്നം നിലനില്ക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. നമുക്ക്

പൂർണ്ണമായും തൃപ്തികരമായും അത് നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം. എന്നിരുന്നാലും ഈ അഞ്ച് വർഷത്തിനിടയിൽ 10.49 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ മൂന്ന് പേരാണ് കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഇതിൽ രണ്ട് പേരുടെ കുടുംബത്തിനും പൂർണ്ണമായ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. മൂന്നാമത്തെയാളുടെ കുടുംബം ആവശ്യമായ രേഖകൾ പൂർണ്ണമായും ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി തുക നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജീയർ പ്രകാരം കടുവയെ നിരീക്ഷിക്കുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കടുവയുടെ സാന്നിദ്ധ്യം അറിയുന്നതിനും പൊതുജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനുമായി വന്യമൃഗ സാന്നിദ്ധ്യമുള്ള മേഖലകളിൽ ക്യാമറ ട്രാപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 1 കോടി രൂപയാണ് പ്ലാൻ ഫണ്ടിൽ നീക്കിവച്ചിട്ടുള്ളത്. നിലവിൽ 7 കടുവകളെ അനിമൽ ഹോസ്പൈസ് സെന്ററിൽ പാർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവയെ തൃശ്ശൂർ പുത്തൂർ

സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയിരിക്കുകയാണ്. സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തുവരുന്നുണ്ട്. എന്നാലും ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുകയാണ്. ജനങ്ങൾക്ക് സമാധാനവും ആശ്വാസവും നല്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് പൂർണ്ണത കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമ്മതിക്കുകയും ചെയ്യുന്നു. പക്ഷേ അതിന് പല കേന്ദ്ര നിയമങ്ങളും തടസ്സമായി നിൽക്കുകയാണ്. ചിലപ്പോൾ കാലതാമസമുണ്ടാകുന്നതുപോലും ഇതിന്റെ ഭാഗമായിട്ടാണ്. ജീവനക്കാർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിലും ധാരാളം പരിമിതികളുണ്ട്. ഈ പരിമിതികൾ മനസ്സിലാക്കി വയനാട് മുൻ എം.എൽ.എ. ശ്രീ. സി. കെ. ശശീന്ദ്രനും വയനാട് എം.പി. ശ്രീ. രാഹുൽ ഗാന്ധിയും ഓരോ ആംബുലൻസ് വാങ്ങുന്നതിനുള്ള തുക അനുവദിച്ച് നല്കിയിട്ടുണ്ട്. ജീവനക്കാർക്ക് താൽക്കാലിക ക്യാമ്പ് ഷെഡുകൾ സ്ഥാപിച്ച് വനം ഉദ്യോഗസ്ഥരുടെ നിരീക്ഷണം ഉറപ്പാക്കുകയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം കാര്യക്ഷമമായും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നതിനായി

നബാർഡ് പദ്ധതിയിൽ 310 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആർ.ആർ.ടി.-യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. 20 വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച് കഴിഞ്ഞിട്ടുണ്ട്. ആവശ്യാനുസരണം കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിന് ധനകാര്യ വകുപ്പ് ഉദാരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് നമുക്ക് കുറച്ചുകൂടി ഗൗരവത്തിൽ കാണേണ്ടൊരു പ്രശ്നം തന്നെയാണ്. വയനാട് മാത്രമല്ല മലയോര മേഖലകളിലെല്ലാം തന്നെ ഈ പ്രശ്നം രൂക്ഷമായി നിലനില്ക്കുകയാണ്. അതുകൊണ്ട് ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ മുൻകരുതലുകളും ശ്രദ്ധയും ചെലുത്തുമെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. ഏതായാലും ഇക്കാര്യം സഭയുടെ ആകെ വികാരമായാണ് കണക്കാക്കുന്നത്. ആ വികാരം മനസ്സിലാക്കി കർശനവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണെന്ന് അറിയിക്കുകയാണ്.

ശ്രീ. ഒ. ആർ. കേളു: സർ, ഇക്കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് അർഹിക്കുന്ന ഗൗരവത്തിലെടുക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ

ഇവിടെ സൂചിപ്പിച്ചു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തി കേന്ദ്ര-ഗവൺമെന്റിന്റെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും വനം വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഉന്നയിക്കാനുള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഫെബ്രുവരി 8-ാം തീയിതി ബഹുമാനപ്പെട്ട മന്ത്രിമാർ ഡൽഹിയിൽ എത്തുന്നതിന് മുന്നോടിയായി 7-ാം തീയതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിയുമായി റവന്യൂമന്ത്രിയും ഞാനും ഒരു കൂടിക്കാഴ്ചയ്ക്ക് സമയം ചോദിച്ചിട്ടുണ്ട്. ആ കൂടിക്കാഴ്ചയിൽ ഈ പ്രശ്നം ഉന്നയിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കേരള നിയമസഭ തന്നെ നേരത്തെ ഇക്കാര്യത്തിൽ ഐകകണ്ഠേ്യന ഒരു പ്രമേയം പാസ്സാക്കി അയച്ചുകൊടുത്തിട്ടുള്ളതാണ്. അതുകൊണ്ടാണ് കേന്ദ്ര സർക്കാർ വേണ്ട വിധത്തിൽ പെരുമാറിയില്ലെന്ന് ഞാൻ പറയാൻ കാരണം. ഇനിയും ഈ സഭയുടെ ഒറ്റക്കെട്ടായ വികാരമനുസരിച്ച് പ്രവർത്തിക്കാൻ സർക്കാർ ഒരുക്കമാണ്.

(2) ട്രാവൻകൂർ സിമന്റ്സ് ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാട്ടകം ട്രാവൻകൂർ സിമന്റ്സ് വെള്ള കക്കയിൽനിന്ന് വെള്ള സിമന്റ് ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിന്റെ

കുത്തകയായിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി വളരെ ദയനീയമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമെന്ന് കണക്കാക്കുകയാണ്. വെള്ള സിമന്റ് ഉൽപ്പാദനത്തിൽ കേരളത്തിനുണ്ടായിരുന്ന കുത്തക എങ്ങനെ അവസാനിച്ചു; ലാഭത്തിൽ പ്രവർത്തിച്ചുവരികയും 2000 വരെ സംസ്ഥാന ഗവൺമെന്റിന് ലാഭവിഹിതം കൊടുക്കുകയും ചെയ്തുകൊണ്ടിരുന്ന ഫാക്ടറിയാണ് ട്രാവൻകൂർ സിമന്റ്സ്. എറണാകുളം ജില്ലയിലെ വാഴക്കാലയിലെ 2.79 ഏക്കർ ഭൂമിയും കോട്ടയം ജില്ലയിലെ വൈക്കത്ത് 1.8 ഏക്കർ ഭൂമിയും 1980-85 കാലഘട്ടത്തിൽ കമ്പനി ലാഭവിഹിതത്തിൽനിന്ന് വാങ്ങുകയും ചെയ്തു. പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം കക്കയുടെ ഖനനം 2004 മുതൽ പൂർണ്ണമായും നിർത്തലാക്കിയതിനാൽ ക്ലിന്റർ ഇറക്കുമതി ചെയ്താണ് അവിടെ സിമന്റ് ഉൽപ്പാദനം നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ ഈ സ്ഥാപനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. 2023 മാർച്ച് വരെയുള്ള കമ്പനിയുടെ ബാധ്യത 156.56 കോടി രൂപയാണ്. പി.എഫ്.-ഉം ഗ്രാറ്റ്യുവിറ്റിയുൾപ്പെടെയുള്ള

നിയമാനുസൃതമായ പേയ്മെന്റുകൾപോലും കുടിശ്ശികയാണ്. നാല് മാസമായി തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുന്നില്ല. ശമ്പളം ലഭിക്കാത്ത തൊഴിലാളികൾക്ക് പലവ്യഞ്ജനകിറ്റ് കൊടുക്കുന്ന ചിത്രമാണ് ഇന്നത്തെ പത്രത്തിൽ വന്നിട്ടുള്ളത്. ഇത്ര ദയനീയമായ ഒരവസ്ഥയിൽനിന്ന് കരകയറ്റുന്നതിനുള്ള നടപടിയെടുക്കണം. 2019 മുതൽ ജീവനക്കാരുടെ കൈയ്യിൽനിന്നും ഈടാക്കുന്ന പി.എഫ്.-ഉം ഗ്രാറ്റ്യുവിറ്റി തുകയും കമ്പനി അടയ്ക്കുന്നതേയില്ല. കഴിഞ്ഞ ഒരു വർഷക്കാലമായി ഉൽപ്പാദനം വല്ലപ്പോഴുമാണ് നടക്കുന്നത്. ക്ലിന്റർ വാങ്ങുന്നതിനുള്ള പണമില്ല. ദിവസം 120 ടൺ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതും സ്ഥാപിതശേഷി 43200 ടണ്ണുമാണ്. വല്ലപ്പോഴും ഇരുന്നൂറോ മുന്നൂറോ ടൺ ക്ലിന്റർ വാങ്ങി അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന മട്ടിൽ ഒരു പൊതുമേഖലാ സ്ഥാപനം ഈ നിലയിൽ പോകുന്നത് നമ്മുടെ നാടിനും മറ്റുള്ളവർക്കും ഗുണകരമല്ലാത്തതുകൊണ്ട്

പുനരുദ്ധാരണത്തിനുള്ള നടപടിയെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ബഹു. മന്ത്രി ചില കാര്യങ്ങൾ ചെയ്യാനായി ശ്രമിച്ചിട്ടുണ്ട്. ഇലക്ട്രിക് പോൾ വാർത്തെടുക്കുന്നതിനായി ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും ഇലക്ട്രിസിറ്റി ബോർഡും ചേർന്ന് ചെയ്യുമെന്ന് തൊഴിലാളികളെ സാക്ഷി നിർത്തി അന്നത്തെ രണ്ട് മന്ത്രിമാർ ഉറപ്പ് നൽകിയതാണ്. കാര്യങ്ങൾ എങ്ങുമെത്തിയിട്ടില്ല എന്നതാണ് സത്യം. 12-9-2023-ലെ വ്യവസായ വകുപ്പിന്റെ ഉത്തരവുപ്രകാരം വസ്തുവകകൾ പൊതുലേലത്തിൽ വിൽക്കുന്നതിന് അനുമതി നൽകുന്നതിനെക്കുറിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കടബാധ്യതകൾ സർക്കാർ ഏറ്റെടുത്ത് ഈ കമ്പനിയെ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടിയെടുക്കണം. കമ്പനിയുടെ ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. എല്ലാ രാഷ്ട്രീയ കക്ഷികളുമുൾപ്പെടുന്ന ട്രേഡ് യൂണിയനുകൾക്കും നാട്ടിലെ ബഹുജനങ്ങൾക്കും ഒരേ അഭിപ്രായമാണുള്ളത്. പൊതുമേഖലയിലെ അഭിമാനകരമായ ഈ കമ്പനിയെ സംരക്ഷിക്കാനുള്ള നടപടിയെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ പ്രശ്നം പല തവണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെയും ഇപ്പോൾ നമ്മോടൊപ്പമില്ലാത്ത മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെയും സാന്നിദ്ധ്യത്തിൽ ഈ പ്രശ്നം പ്രത്യേകം ചർച്ച ചെയ്യുകയുണ്ടായി. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് അസംസ്കൃത വസ്തുവായ വെള്ള കക്കയിൽനിന്ന് വെള്ള സിമന്റ് ഉൽപ്പാദിപ്പിക്കുന്ന കമ്പനിയായിരുന്നു. എന്നാൽ, വേമ്പനാട്ട് കായലിൽനിന്ന് കക്കയുടെ ഖനനം കോടതി നിരോധിച്ചതോടുകൂടിയാണ് കമ്പനിയുടെ പ്രതിസന്ധിയുടെ തുടക്കമെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണ്. 2000 മുതൽ ഭീമമായ നഷ്ടത്തിലാണ് ഈ കമ്പനി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ എല്ലാ സർക്കാരുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ, ഓരോ ഘട്ടങ്ങളിലും സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പിന്തുണയെ മാത്രം അടിസ്ഥാനപ്പെടുത്തി നിലനിന്നുപോകുന്നുവെന്നതാണ് യാഥാർത്ഥ്യം. 2016 മുതൽ ഈ

സാമ്പത്തികവർഷം വരെ 41.18 കോടി രൂപ സർക്കാർ ഈ സ്ഥാപനത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്. അതുകൊണ്ട് മാത്രം പ്രതിസന്ധി പരിഹരിക്കാൻ കഴിയുന്നതല്ല. വിദേശത്തുനിന്ന് ക്ലിന്റർ ഇറക്കുമതി ചെയ്താണ് ഇപ്പോൾ സിമന്റ് ഉൽപ്പാദിപ്പിക്കുന്നത്. അവിടത്തെ ഉൽപ്പന്നത്തിന്റെ വില, ഉല്പാദന ചെലവ് എന്നിവ താരതമ്യം ചെയ്യുമ്പോൾ ഈ പ്രതിസന്ധി മറികടക്കാൻ പറ്റുന്നതല്ല. ഇതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അങ്ങ് പരാമർശിച്ചതുപോലെ, എറണാകുളം ജില്ലയിൽ 2.7 ഏക്കർ സ്ഥലം കിൻഫ്രയ്ക്ക് കൊടുക്കാൻ തീരുമാനിക്കുകയുണ്ടായി. അങ്ങനെ കിൻഫ്രയിൽനിന്ന് ലഭിച്ച 5 കോടി രൂപ വച്ചാണ് തൽക്കാലം അന്ന് പിരിഞ്ഞുപോയവരുടെ ഗ്രാറ്റുവിറ്റിയുൾപ്പെടെ നൽകിയത്. എന്നാൽ ആ സ്ഥലം അങ്ങ് പറഞ്ഞതുപോലെ അവരുടെ ലാഭവിഹിതത്തിൽനിന്ന് വാങ്ങിയതാണെങ്കിലും കിൻഫ്രയ്ക്ക് ഉപയോഗിക്കാൻ കഴിയില്ല. കാരണം ചെറിയ റോഡുള്ള റെസിഡൻഷ്യൽ ഏരിയ്ക്കുള്ളിലാണ് വാഴക്കാല വില്ലേജിൽ ഈ സ്ഥലമുള്ളത്. കിൻഫ്ര ഏറ്റെടുക്കുന്നതിൽ ബുദ്ധിമുട്ട് അറിയിച്ചതിനെ തുടർന്നാണ് ഇന്നത്തെ തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ.

വാസവൻ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുമായി വിശദമായ യോഗം ചേർന്ന് തീരുമാനമെടുത്തത്. രണ്ട് സ്ഥലങ്ങൾ ഓപ്പൺ ടെണ്ടറിലൂടെ വിളിക്കാൻ സർക്കാർ അനുമതി നൽകണമെന്ന് എല്ലാ ട്രേഡ് യൂണിയനുകളും ജനപ്രതിനിധികളും ഒരേ സ്വരത്തിൽ ആവശ്യപ്പെടുകയുണ്ടായി. ഓപ്പൺ ടെണ്ടറുകൾ ഗ്ലോബൽ ടെണ്ടറായി വിളിച്ചാൽ കൂടുതൽ വില കിട്ടുമെന്ന അഭിപ്രായവും യൂണിയൻ പ്രതിനിധികൾ ആ മീറ്റിംഗിൽ രേഖപ്പെടുത്തി. അത് സർക്കാരിന്റെ പരിഗണനയ്ക്ക് വരികയും പരിശോധിച്ച് അനുമതി നൽകുകയും ചെയ്തു. ഗ്ലോബൽ ടെണ്ടർ ആദ്യത്തേത് വിളിച്ചെങ്കിലും ആരും പങ്കെടുത്തില്ല. രണ്ടാമത്തേത് ഇന്നലെയാണ് തീർന്നത്. വൈക്കത്തെ സ്ഥലം വ്യവസായ ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയാത്തതിനാൽ അത് വിൽപ്പന നടത്തി ലഭിക്കുന്ന പണമുപയോഗിച്ച് ബാധ്യതകൾ തീർക്കുന്നതിന് മുൻഗണന നൽകാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. അതോടൊപ്പം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ മറ്റ് സാധ്യതകൾ ഉണ്ടോയെന്നുള്ളത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെ കമ്പനിയോട് ചേർന്നുള്ള സ്ഥലം

പൊതുമേഖലയായി നിലനിർത്തി കിൻഫ്രയും ട്രാവൻകൂർ സിമന്റ്സും ചേർന്ന് പാർക്ക് രൂപത്തിലേയ്ക്ക് മാറ്റാൻ കഴിയുമോയെന്ന് ശ്രമം നടത്തിയിരുന്നു. ഫുഡ് പ്രോസസ്സിംഗ് പാർക്കിന് അവിടെത്തെ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് അനുമതി ലഭിക്കാനിടയില്ല. പൊതുമേഖലയിൽ മറ്റ് സാധ്യതകളുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. അവിടെയുള്ള തൊഴിലാളികൾക്ക് ശമ്പളമില്ലായെന്ന പ്രശ്നമുണ്ടെങ്കിലും യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള നിലപാട് സ്വീകരിക്കുന്നുണ്ട്. അതിൽ എല്ലാവരുടെയും പങ്ക് പ്രധാനപ്പെട്ടതാണ്. ആഗോള ടെണ്ടറിന്റെ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തി പ്രശ്ന പരിഹാരത്തിനുള്ള ശ്രമങ്ങൾ നടത്തി മുന്നോട്ട് പോകാമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങേയ്ക്ക് ഇക്കാര്യങ്ങളെക്കുറിച്ച് വ്യക്തമായി അറിയുന്നതിനാൽ വളരെ വിശദമായി പറഞ്ഞു. എപ്പോഴാണ് ഇതിനൊരു അവസാനമുണ്ടാകുന്നത്? ദീർഘകാലമായി ഈയൊരു കാര്യത്തിനായി സ്വപ്നം കണ്ടിരുന്നാൽ പറ്റില്ലല്ലോ; കമ്പനിയുടെ കടങ്ങളെല്ലാം ഏറ്റെടുക്കുകയോ പ്രശ്നത്തിന് പരിഹാരം കാണുകയോ ചെയ്ത് ഈ ഫാക്ടറി പഴയതുപോലെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. പി. രാജീവ്: സർ, ടെണ്ടർ അവസാനിക്കുന്ന തീയതി ഇന്നലെ കഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. ടെണ്ടർ ക്വാട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന കഴിഞ്ഞാൽ ആ പണം പൂർണ്ണമായി ധാരണയുണ്ടാക്കിയ കാര്യങ്ങൾക്കുവേണ്ടി മാത്രമായി വിനിയോഗിക്കാം. അതോടുകൂടി മാറ്റമുണ്ടാക്കാൻ കഴിയും. അക്കാര്യത്തിൽ നമുക്കൊരുമിച്ച് ഇടപെടൽ നടത്താം.

(സബ്മിഷൻ)